LIBRARY ARCHIVES Kerala Legislative Assembly

പി.എസ്.സി. റാങ്ക് ലിസ്റ്റ്

4(5582) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതൊക്കെ തസ്തികകളിലേക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റുകൾ സംസ്ഥാന-ജില്ലാ അടിസ്ഥാനത്തിൽ വിശദമാക്കുമോ ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റുകളിൽ നിന്നും 2015 ജൂൺ 30 വരെ നടന്ന നിയമനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) പ്രസ്തുത തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) നിലവിലുള്ളതും ഉണ്ടാകാൻ ഇടയുള്ളതുമായ ഒഴിവുകൾ അതാതു മാസം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് എല്ലാ നിയമനാധികാരികൾക്കും വകുപ്പുമേധാവികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

വി.എച്ച്.എസ്.ഇ. നോൺ വൊക്കേഷണൽ ടീച്ചർ (ബയോളജി) തസ്തികയിലെ ഒഴിവുകൾ

5(5583) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വി.എച്ച്.എസ്.ഇ. നോൺ വൊക്കേഷണൽ സീനിയർ, ജൂനിയർ ടീച്ചർ (ബയോളജി) തസ്തികയിലെ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളിലേക്ക് അഡ്വൈസ് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) അഡ്വൈസ് വൈകുന്നതിന്റെ കാരണം വിശദമാക്കാമോ ?

ഉത്തരം

(എ) നോൺ വൊക്കേഷണൽ ടീച്ചർ - ബയോളജി (ജൂനിയർ) തസ്തികയിൽ 22 ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നോൺ വൊക്കേഷണൽ ടീച്ചർ ബയോളജി (സീനിയർ) തസ്തികകളിൽ നിലവിൽ ഒഴിവുകളില്ല.

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.